പതിമൂന്നാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ - 48

08.02.2016 -ൽ മറുപടിക്ക്

## പി.എസ്.സി.ക്ക് കൂടുതൽ ജീവനക്കാരെ അനുവദിക്കൽ

**ചോദ്യം**

ശ്രീ. റ്റി.യു. കുരുവിള

**ഉത്തരം**

ശ്രീ. ഉമ്മൻ ചാണ്ടി
(മുഖ്യമന്ത്രി)

(എ) പി.എസ്.സി.യുടെ ജോലിഭാരം പരിഗണിച്ച് കൂടുതൽ ജീവനക്കാരെ അനുവദിക്കാൻ നടപടികൾ ഉണ്ടാകുമോ ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഏകദേശം 36000 ത്തോളം പുതിയ തസ്തികകൾ സൃഷ്ടിച്ചിട്ടും പി.എസ്.സി.യുടെ ജോലി ഭാരത്തിന് അനുസൃതമായി അവശ്യമായ ജീവനക്കാരെ അനുവദിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ;

(സി) യുണി ഫോംഡ് ഫോഴ്സിന്റെ വാർഷിക സെലക്ഷൻ പരീക്ഷകൾ, സർവ്വീസ് വെരിഫിക്കേഷൻ, സർവകലാശാല ഉൾപ്പെടെ കൂടുതൽ സ്ഥാപനങ്ങളുടെ റിക്രൂട്ട്മെന്റ് തുടങ്ങിയവ പി.എസ്.സി.ക്ക് നൽകിയ സാഹചര്യങ്ങൾ പരിഗണിച്ച് പി.എസ്.സി.ക്ക് അവശ്യത്തിന് ജീവനക്കാരെ അനുവദിക്കുന്നതിന് നടപടികൾ ഉണ്ടാകുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(എ), (ബി) & (സി) കഴിഞ്ഞ അഞ്ചുവർഷത്തിനകം പി.എസ്.സിയിൽ താഴെപ്പറയും പ്രകാരം 34 അധിക തസ്തികകൾ അധികമായി അനുവദിച്ചിട്ടുണ്ട്.

14.12.2012 ലെ G.O(Ms.)No. 371/2012/GAD പ്രകാരം ആകെ 30 തസ്തികകൾ.

| ക്രമ നമ്പർ | തസ്തിക | തസ്തികകളുടെ എണ്ണം |
|---|---|---|
| 1 | അഡീഷണൽ സെക്രട്ടറി | 1 |
| 2 | അണ്ടർ സെക്രട്ടറി | 1 |
| 3 | സെക്ഷൻ ഓഫീസർ | 2 |
| 4 | അസിസ്റ്റന്റ് | 20 |
| 5 | കമ്പ്യൂട്ടർ പ്രോഗ്രാം/ ടെക്നിക്കൽ അസിസ്റ്റന്റ് | 6 |
| | **ആകെ** | **30** |

07.11.2015 ലെ G.O(Ms.)No. 276/2015/GAD പ്രകാരം ആകെ 4 തസ്തികകൾ.

| ക്രമ നമ്പർ | തസ്തിക | തസ്തികകളുടെ എണ്ണം |
|---|---|---|
| 1 | ജോയിന്റ് സെക്രട്ടറി | 1 |
| 2 | ഡെപ്യൂട്ടി സെക്രട്ടറി | 1 |
| 3 | അണ്ടർ സെക്രട്ടറി | 1 |
| 4 | സിസ്റ്റം അനലിസ്റ്റ് | 1 |
| | **ആകെ** | **4** |

ഇതുകൂടാതെ അധിക തസ്തികകൾ അനുവദിക്കുന്നതിനായി പി.എസ്.സി സമർപ്പിച്ച പ്രൊപ്പോസലുകൾ സർക്കാർ പരിശോധിച്ചു വരികയുമാണ്.

(ഡി) പി.എസ്.സി.ക്ക് ആവശ്യത്തിന് ജീവനക്കാരെ അനുവദിക്കണമെന്ന് ആവശ്യപ്പെട്ട് പി.എസ്.സി.യോ, ഏതെങ്കിലും സംഘടനകളോ സർക്കാരിന് നിവേദനം നൽകിയിട്ടുണ്ടോ; എങ്കിൽ ആയതിന്റെ കോപ്പികൾ ലഭ്യമാക്കുമോ ?

(ഡി) ഉണ്ട്. കേരള പി.എസ്.സി എംപ്ലോയീസ് യൂണിയൻ, പി.എസ്.സി എംപ്ലോയീസ് അസോസിയേഷൻ എന്നീ സംഘടനകൾ നൽകിയ നിവേദനങ്ങളുടെ പകർപ്പുകൾ അനുബന്ധമായി ചേർക്കുന്നു.

**സെക്ഷൻ ഓഫീസർ**

# കേരള പി.എസ്.സി. എംപ്ലോയീസ് യൂണിയൻ

(രജി.നമ്പർ : 261/87)

**സംസ്ഥാന കമ്മിറ്റി, തിരുവനന്തപുരം - 695004**

Ph : 0471 - 2446691, E-mail : keralapsceu@gmail.com

**ആർ.വി. സതീന്ദ്രകുമാർ**
പ്രസിഡന്റ്

**വി.ബി. മനുകുമാർ**
ജനറൽ സെക്രട്ടറി


തീയതി 13.5.2015

## ബഹു. കേരള മുഖ്യമന്ത്രിയ്ക്ക് കേരള പി.എസ്.സി എംപ്ലോയീസ് യൂണിയൻ സമർപ്പിക്കുന്ന നിവേദനം

നിയമനങ്ങളിലെ കാലതാമസം ഒഴിവാക്കുന്നതിനും സുതാര്യതയും വിശ്വാസ്യതയും സംരക്ഷിച്ചുകൊണ്ട് വിജ്ഞാപന തീയതി മുതൽ ഒരു വർഷത്തിനകം തെരഞ്ഞെടുപ്പ് നടപടിക്രമങ്ങൾ പൂർത്തീകരിക്കുകയെന്ന ലക്ഷ്യത്തോടെയുള്ള പ്രവർത്തനങ്ങളാണ് പി.എസ്.സി. നടത്തുന്നത് എന്നാൽ വിവിധ ഘട്ടങ്ങളിലായി സർക്കാർ തീരുമാനങ്ങളിലൂടെ പി.എസ്.സി. യ്ക്ക് വന്നുചേർന്ന അധികചുമതലകളും നടപടി ക്രമങ്ങളിൽ കാലോചിതമായി വരുത്തിയിട്ടുള്ള മാറ്റങ്ങളുടേയും ഫലമായി കമ്മീഷന്റെ ജോലി ഭാരം ഗണ്യമായി വർദ്ധിക്കുകയും തൽഫലമായി റിക്രൂട്ട്മെന്റ് നടപടികളും മറ്റുചുമതലകളും നിർവ്വഹിക്കുന്നതിന് വളരെയധികം കാലതാമസമുണ്ടാകുകയും ചെയ്യുന്നു. കേരളീയ പൊതു സമൂഹത്തിൽ പി.എസ്.സി. യ്ക്ക് ആർജ്ജിക്കാനായ വിശ്വാസ്യത സംരക്ഷിക്കുന്നതിന് ആധുനിക സാങ്കേതികവിദ്യ പരമാവധി പ്രയോജനപ്പെടുത്തിക്കൊണ്ട് മനുഷ്യാധ്വാനവും സമന്വയിപ്പിച്ച് വളരെ വേഗത്തിൽ റിക്രൂട്ട്മെന്റ് നടപടി ക്രമങ്ങൾ പൂർത്തിയാക്കാൻ ശ്രമിക്കുമ്പോഴും മനുഷ്യ വിഭവശേഷിയുടെ അപര്യാപ്തതകൊണ്ട് ചുമതലകൾ സമയ ബന്ധിതമായി നിർവ്വഹിക്കാൻ സാധിക്കാത്ത സ്ഥിതിയാണുള്ളത്.

വയനാട് ജില്ലയിൽ റവന്യൂ വകുപ്പിൽ നടന്ന നിയമന തട്ടിപ്പിന്റെ പശ്ചാത്തലത്തിൽ സർക്കാരും കമ്മീഷനും കൂടിയാലോചിച്ചുകൊണ്ടാണ് ബയോമെട്രിക് സംവിധാനം ഉൾപ്പെടെയുള്ള നിയമന പരിശോധനാ സംവിധാനം ഏർപ്പെടുത്താൻ തീരുമാനിച്ചത്. 14-12-2010 ന് ശേഷം നിയമന ശിപാർശ ചെയ്യപ്പെട്ട എല്ലാപേരുടേയും നിയമന പരിശോധന ഈ വിധം നിർവ്വഹിക്കപ്പെടണമെന്ന്

തീരുമാനിക്കുകയും ചെയ്തു. വർഷംതോറും ശരാശരി 30,000 ത്തോളം പേർക്ക് നിയമന ശിപാർശ നൽകുന്നുണ്ട്. ഇവയുടെ പരിശോധനയ്ക്ക് മനുഷ്യാധ്വാനം കൂടുതൽ ആവശ്യമാണ്. 14-12-2010 ന് മുമ്പുള്ള പത്ത് വർഷത്തെ പി.എസ്.സി. നിയമന ശിപാർശ സംബന്ധിച്ച പരിശോധന സെക്രട്ടേറിയറ്റ് ജീവനക്കാരെ ചുമതലപ്പെടുത്തുകയും അതിലേയ്ക്കായി ഒരു അഡീഷണൽ സെക്രട്ടറിയടക്കം നാല്പത് തസ്തികകൾ അവിടെ അനുവദിക്കുകയും ചെയ്തു. ഇവർക്കാവശ്യമായ രേഖകളും വിവരങ്ങളും നൽകുന്നതുമായി ബന്ധപ്പെട്ട് കൂടുതൽ അദ്ധ്വാനം പി.എസ്.സിയിൽ വേണ്ടിവരുന്നുണ്ട്. എന്നാൽ സ്ഥിരമായി ഈ ചുമതല നിർവ്വഹിക്കുന്ന പി.എസ്.സി യിൽ തസ്തികയൊന്നും അനുവദിച്ചുമില്ല. ജീവനക്കാരുടെ കുറവ്കൊണ്ട് നിയമന പരിശോധന സമയബന്ധിതമായി നിർവ്വഹിക്കാനാകുന്നില്ല. ഇതുവഴി വിവിധ വകുപ്പുകളിലേയ്ക്ക് നിയമന ശിപാർശ ചെയ്യപ്പെട്ട ഉദ്യോഗാർത്ഥികൾ പലവിധത്തിലുള്ള വിഷമതകൾ അനുഭവിക്കുകയാണ്. പി.എസ്.സി. ആസ്ഥാനത്തും മൂന്ന് മേഖലാ ആഫീസുകളിലും 14 ജില്ലാ ആഫീസുകളിലും നിയമന പരിശോധന സമയബന്ധിതമായി നിർവ്വഹിക്കുന്നതിന് പ്രത്യേക സംവിധാനം ഏർപ്പെടുത്തേണ്ടതാണ്.

പോലീസ്, എക്സൈസ്, വനം, ഫയർ ആന്റ് റസ്ക്യു സർവ്വീസ്, മോട്ടോർ വെഹിക്കിൾസ് എന്നീ വകുപ്പുകളിലെ സെലക്ഷനിലെ കാലതാമസം സംബന്ധിച്ച പരാതി പരിഹരിക്കുന്നതിന് യൂണിഫോംഡ് ഫോഴ്സിന്റെ വാർഷിക സെലക്ഷൻ നടപടികൾ ആരംഭിച്ചിട്ടുണ്ട്. ആവശ്യത്തിന് ജീവനക്കാരില്ലാത്തതിനാൽ പലപ്രധാന പ്രവർത്തനങ്ങളും നിർത്തിവച്ചുകൊണ്ടാണ് വാർഷിക സെലക്ഷൻ നടപടികൾ മുന്നോട്ടുകൊണ്ടു പോകുന്നത്.

ഹയർ സെക്കന്ററി, വൊക്കേഷണൽ ഹയർ സെക്കന്ററി വിദ്യാഭ്യാസ വകുപ്പുകളിലെ അദ്ധ്യാപക-അനദ്ധ്യാപക തസ്തികകളുടെ നിയമന ചുമതല കമ്മീഷന് ലഭിച്ചതുവഴി 186 തസ്തികകളിലേയ്ക്കുള്ള തെരഞ്ഞെടുപ്പ് ചുമതല അധികമായി നിർവ്വഹിക്കേണ്ടിവരുന്നു. സർക്കാർ സർവ്വീസിൽ ക്ലാസ്സ് 1, 2, 3, 4 എന്നീ വിഭാഗങ്ങളിൽ തെരഞ്ഞെടുത്ത തസ്തികകളിലേയ്ക്ക് 3% വികലാംഗ സംവരണ നിയമനം പി.എസ്.സി യെ ഏൽപ്പിച്ചു. ചലന വൈകല്യം, കാഴ്ച

വൈകല്യം, ശ്രവണ വൈകല്യം എന്നിങ്ങനെ മൂന്ന് വിഭാഗങ്ങളിലായി 1:1:1 എന്ന അനുപാതത്തിലാണ് സംവരണം ഏർപ്പെടുത്തിയിട്ടുള്ളത്. ഇവയിൽ ഏതെങ്കിലും ഒരു വിഭാഗം ഒരു തസ്തികയിൽ നിയമിക്കപ്പെടുന്നതിന് യോഗ്യമല്ലെങ്കിൽ പ്രസ്തുത ഒഴിവുകൂടി മറ്റു വിഭാഗങ്ങൾക്ക് ലഭിക്കുന്നു. വികലാംഗർക്ക് വേണ്ടിയുള്ള ഊഴത്തിൽ ഉദ്യോഗാർത്ഥികൾ ലഭ്യമല്ലാതെ വരികയാണെങ്കിൽ ആ വിഭാഗത്തിനുവേണ്ടി സംവരണ സമുദായക്കാരുടെ കാര്യത്തിലെന്ന പോലെ പ്രത്യേക വിജ്ഞാപനം പുറപ്പെടുവിക്കുന്നു.

ബിവറേജസ് കോർപ്പറേഷൻ, പൊല്യൂഷൻ കൺട്രോൾ ബോർഡ്, സ്പോർട്സ് കൗൺസിൽ എന്നിവ കൂടാതെ പുതുതായി ചില സഹകരണസ്ഥാപനങ്ങളുടെ നിയമനചുമതലകളും പി.എസ്.സി. യ്ക്ക് ലഭിച്ചിട്ടുണ്ട്. വിവരാവകാശ നിയമനുസരിച്ച് ഏറ്റവും കൂടുതൽ അപേക്ഷകൾ ലഭിക്കുന്ന സ്ഥാപനങ്ങളിലൊന്നാണ് പി.എസ്.സി. ആസ്ഥാന/മേഖലാ/ജില്ലാ ആഫീസുകളിലായി 25000 ത്തിലധികം അപേക്ഷകൾ ഒരു വർഷം ശരാശരി ലഭിക്കുന്നുണ്ട്. ഇവയ്ക്ക് സമയബന്ധിതമായി മറുപടി നൽകേണ്ടതിനാൽ പലപ്പോഴും റിക്രൂട്ട്മെന്റ് ജോലികൾ താല്ക്കാലികമായി നിർത്തിവച്ച് മറുപടി നൽകാൻ നിർബന്ധിതരാകുന്നു.

നരേന്ദ്രൻ കമ്മീഷൻ പാക്കേജിന്റെ ഭാഗമായി കെ.എസ് & എസ്.എസ്. ആർ-ൽ വരുത്തിയ ഭേദഗതിയിലൂടെ സംവരണ സമുദായങ്ങൾക്കുവേണ്ടിയുള്ള നേരിട്ടുള്ള നിയമന ചുമതല (എൻ.സി.എ വിജ്ഞാപനം) കമ്മീഷൻ നിർവ്വഹിച്ചുവരുന്നു. ഇതിനെതുടർന്ന് നൂറു കണക്കിന് വിജ്ഞാപനങ്ങളാണ് വിവിധ സംവരണ സമുദയങ്ങൾക്കായി വർഷംതോറും പുറപ്പെടുവിക്കേണ്ടിവരുന്നത്. ഇത് ജോലി ഭാരത്തിൽ വലിയ വർദ്ധനവ് ഉണ്ടാക്കിയിട്ടുണ്ട്.

എൽ.ഡി.സി. ചോദ്യപേപ്പർ പരീക്ഷാകേന്ദ്രത്തിൽ നിന്നും സ്കൂൾ ജീവനക്കാരൻ ചോർത്തിയതിനെതുടർന്നാണ് പി.എസ്.സി. ജീവനക്കാർ പരീക്ഷാകേന്ദ്രത്തിൽ ചോദ്യപേപ്പറുകളുമായി നേരിട്ടെത്തി പരീക്ഷ നടത്തി ഉത്തരക്കടലാസ്സുമായി മടങ്ങുന്ന രീതി നടപ്പിലാക്കിയത്. ഇതുവഴി ചോദ്യപേപ്പറിന്റെ സുരക്ഷ ഉറപ്പാക്കുന്നതിനും ഉദ്യോഗാർത്ഥികളുടെ പരാതികൾ ലഘൂകരിക്കുന്ന

തിനും കുറ്റമറ്റ രീതിയിൽ ഉത്തരക്കടലാസ്സുകൾ മൂല്യനിർണ്ണയത്തിന് ലഭിക്കുന്ന സ്ഥിതിയുമുണ്ടായി. ഈ നടപടി ജോലി ഭാരം വർദ്ധിപ്പിച്ചിട്ടുണ്ട്.

കമ്മീഷൻ ഓരോ വർഷവും നടത്തുന്ന നൂറ് കണക്കിന് പരീക്ഷകളുടെ ചോദ്യപേപ്പർ തയ്യാറാക്കൽ, അച്ചടി, വിതരണം തുടങ്ങിയ പരീക്ഷാ സംബന്ധമായ ജോലികളുടെ മേൽനോട്ടംവഹിക്കുന്നത് അഡീഷണൽ സെക്രട്ടറി റാങ്കിലുള്ള പരീക്ഷാകൺട്രോളറാണ്. ചോദ്യപേപ്പർ തയ്യാറാക്കുന്നതു മുതൽ അവ പരീക്ഷാകേന്ദ്രങ്ങളിൽ സുരക്ഷിതമായി എത്തിക്കുന്നതുവരെ അതീവ രഹസ്യ സ്വഭാവമുള്ളതും സങ്കീർണ്ണവുമായ ജോലികൾ നിർവ്വഹിക്കുന്നതിനോടൊപ്പം പി.എസ്.സി. ജീവനക്കാർക്കെതിരെയുള്ള അച്ചടക്കനടപടിയുടെ ചുമതലയും പരീക്ഷാകൺട്രോളറിൽ നിക്ഷിപ്തമാണ്. ഗൗരവമേറിയ ഈ രണ്ടുചുമതലകളും ഒരു പോലെ നിർവ്വഹിക്കേണ്ടിവരുന്നത് പലപ്പോഴും സുഗമമായ പരീക്ഷാ നടത്തിപ്പിനെ ബാധിക്കുന്നുണ്ട്. ആകയാൽ ഒരു ജോയിന്റ് സെക്രട്ടറി റാങ്കിൽ ഒരു ജോയിന്റ് പരീക്ഷാ കൺട്രോളറുടെ തസ്തിക അനുവദിക്കേണ്ടത് അത്യാവശ്യമാണ്.

വകുപ്പ്തല പരീക്ഷാ പാസ്സാകുന്ന ജീവനക്കാർക്ക് പി.എസ്.സി. നൽകുന്ന സർട്ടിഫിക്കറ്റിന്റെ ആധികാരികത ഉറപ്പാക്കുന്നതിനും അവയുടെ സ്ഥിരീകരണത്തിനുമായി നൂറ് കണക്കിന് അപേക്ഷകളാണ് വിവിധ വകുപ്പുകളിൽ നിന്നും ലഭിക്കുന്നത്. ഒരു വർഷം ശരാശരി 20,000 ത്തോളം പേർക്ക് വകുപ്പ്തലപരീക്ഷാ വിഭാഗത്തിൽ നിന്നും സർട്ടിഫിക്കറ്റുകൾ നൽകുന്നുണ്ട്. വ്യാജ സർട്ടിഫിക്കറ്റുകളുമായി സ്ഥാനക്കയറ്റത്തിനെത്തുന്നവരെ തടയാൻ ലക്ഷ്യമിട്ട് സർക്കാർ പുതുതായി ഏർപ്പെടുത്തിയ പ്രസ്തുത നടപടി പി.എസ്.സി. യിൽ ജോലി ഭാരം വർദ്ധിപ്പിച്ചിട്ടുണ്ട്.

പി.എസ്.സി. ജില്ലാ ആഫീസറുടെ പദവി നിലവിൽ ഡെപ്യൂട്ടി സെക്രട്ടറിയുടേതാണ്. 4 ാം ശമ്പള കമ്മീഷന്റെ ശുപാർശ അനുസരിച്ചാണ് അണ്ടർ സെക്രട്ടറി പദവിയിൽ നിന്നും ഡെപ്യൂട്ടി സെക്രട്ടറി പദവിലേക്ക് ഉയർത്തിയത്. ഭരണഘടനാ സ്ഥാപനമായ പി.എസ്.സി. യുടെ ജില്ലയിലെ തലവനെന്ന നിലയിൽ പലസുപ്രധാന ചുമതലകളും ഈ ഉദ്യോഗസ്ഥനിൽ നിക്ഷിപ്തമാണ്.

ഈ സാഹചര്യത്തിൽ പി.എസ്.സി. ജില്ലാ ആഫീസറുടെ തസ്തിക ജോയിന്റ് സെക്രട്ടറി തസ്തികയായി ഉയർത്തണം.

നിലവിൽ ജോയിന്റ് സെക്രട്ടറിയുടെ പദവിയിലുള്ള മേഖലാ ആഫീസർ തസ്തിക അഡീഷണൽ സെക്രട്ടറിയുടേതിന് തുല്യമാക്കണം. മേഖലയുടെ പരിധിയിൽ വരുന്ന ജില്ലാ ആഫീസുകളുടെ പ്രവർത്തനം ഫലപ്രദമായി ഏകോപിപ്പിക്കുന്നതിന് ഉയർന്ന പദവിയിലുള്ള ഉദ്യോഗസ്ഥന്റെ സേവനം ആവശ്യമാണ്.

കമ്മീഷന്റെ 14 ജില്ലാ ഓഫീസുകളിലും എൻക്വയറി വിഭാഗത്തിന്റെ മേൽനോട്ടം വഹിക്കുന്നത് ഓഫീസ് സൂപ്രണ്ടാണ്. തപാൽ വിഭാഗത്തിന്റെയും ഫെയർകോപ്പി സെക്ഷന്റെയും ചുതലയോടൊപ്പം എൻക്വയറി വിഭാഗം കൂടി കൈകാര്യം ചെയ്യേണ്ടിവരുന്നത് പ്രസ്തുത വിഭാഗത്തിന്റെ കാര്യക്ഷമതയെ ബാധിക്കുന്നുണ്ട്. നിത്യേന നൂറ് കണക്കിന് ഉദ്യോഗാർത്ഥികൾ അന്വേഷണങ്ങൾക്കും സംശയദൂരീകരണത്തിനുമായി എത്തിച്ചേരുന്ന ജില്ലാ ആഫീസുകളിലെ എൻക്വയറി വിഭാഗം ശക്തിപ്പെടുത്തുന്നതിന് പി.എസ്.സി. ആഫീസുകളിൽ എൻക്വയറി ഓഫീസർ തസ്തിക അനുവദിക്കേണ്ടത് അത്യാവശ്യമാണ്.

ഉദ്യോഗാർത്ഥികളുടെ സൗകര്യാർത്ഥം ഏർപ്പെടുത്തിയ ചില പരിഷ്കാരങ്ങൾ ജോലി വർദ്ധിപ്പിച്ചിട്ടുണ്ട്. പി.എസ്.സി. യുടെ ഏത് ആഫീസിൽ പോയാലും യോഗ്യത സർട്ടിഫിക്കറ്റുകൾ പരിശോധിക്കുന്ന സംവിധാനം, നിശ്ചിത ഫീസ് അടച്ച് അപേക്ഷിക്കുന്നവർക്ക് ഉത്തരക്കടലാസ്സിന്റെ പകർപ്പ് നൽകുന്ന രീതി, ഒറ്റത്തവണ രജിസ്ട്രേഷനും ഒ.ടി.ആർ പരിശോധനയും കൂടാതെ ഓൺലൈൻ പരീക്ഷാ കേന്ദ്രങ്ങൾ പി.എസ്.സി. ആസ്ഥാനത്തും, പത്തനംതിട്ട, എറണാകുളം ജില്ലകളിൽ ആരംഭിച്ചപ്പോൾ ഇവയുടെ പ്രവർത്തനം മുന്നോട്ടുകൊണ്ടുപോകുന്നതിന് സാങ്കേതിക തസ്തികകൾ ആവശ്യമായി വരുന്നു. താരതമ്യേന എണ്ണക്കുറവ് അപേക്ഷകൾ ലഭിക്കുന്നതും ഉയർന്ന യോഗ്യതയുള്ളതുമായ എല്ലാ തസ്തികകൾക്കും ഓൺലൈൻ പരീക്ഷ വ്യാപകമാക്കാൻ തീരുമാനിക്കുമ്പോൾ കൂടുതൽ ഓൺലൈൻ പരീക്ഷാകേന്ദ്ര

ങ്ങൾ ആരംഭിക്കേണ്ടതുണ്ട്. സെലക്ഷനിലെ കാലതാമസം ഗണ്യമായി കുറയ്ക്കുന്നതിന് ഇതുവഴി സാധ്യമാകുന്നു.

2013 ൽ അനുവദിച്ച 3 കമ്മീഷനംഗങ്ങൾക്ക് ഇതുവരെ പേഴ്സണൽ സ്റ്റാഫിനെ അനുവദിച്ചിട്ടില്ല. അതിനായി പി.എ, ഡഫേദാർ എന്നീ തസ്തികകൾ മൂന്നെണ്ണം വീതം അനുവദിക്കേണ്ടതാവശ്യമാണ്.

പി.എസ്.സി. യുടെ സുരക്ഷ കാര്യക്ഷമവും ശക്തവുമാക്കുന്നതിനായി അസിസ്റ്റന്റ് സെക്യൂരിറ്റി ഓഫീസർ തസ്തികയും അതോടൊപ്പം വാഹനങ്ങളുടെ എണ്ണത്തിലുള്ള വർദ്ധനവ് പരിഗണിച്ച് ഡ്രൈവർ തസ്തികയും വെഹിക്കിൾ സൂപ്പർവൈസർ തസ്തികയും അനുവദിക്കണം.

മൂന്ന് പതിറ്റാണ്ട് ദൈർഘ്യമേറിയ പ്രക്ഷോഭങ്ങൾക്കൊടുവിൽ 1998 ലാണ് സെക്രട്ടേറിയറ്റ് പി.എസ്.സി. പാരിറ്റി അനുവദിച്ചത്. അത് പിന്നീട് അട്ടിമറിക്കപ്പെട്ടു. പാരിറ്റി പുന:സ്ഥാപിക്കുന്നതിനും സെക്രട്ടേറിയറ്റ് പി.എസ്.സി. പാരിറ്റിയ്ക്കനുസൃതം പുതിയ തസ്തികകൾ അനുവദിക്കണമെന്നും അഭ്യർത്ഥിക്കുന്നു.

പൊതുവിൽ വർദ്ധിച്ച ജോലി ഭാരം പി.എസ്.സി. യുടെ വിവിധ ഓഫീസുകളുടെ പ്രവർത്തനത്തെ ഗുരുതരമായി ബാധിച്ചിരിക്കുകയാണ്. ഓഫീസ് സമയത്തിനുശേഷം നിരവധി മണിക്കൂറുകൾ ജീവനക്കാർ നിർബന്ധപൂർവ്വം ജോലിചെയ്യേണ്ടിവരുന്നതു മാത്രമല്ല അവധി ദിവസങ്ങളിലും പ്രവൃത്തിയെടുക്കേണ്ടിവരുന്നു. ഇതൊക്കെയായിട്ടും സമയബന്ധിതമായി റിക്രൂട്ട്മെന്റ് നടപടികൾ പൂർത്തീകരിക്കാനുമാകുന്നില്ല. ഈ സന്ദർഭത്തിൽ മേൽ വിവരിക്കുന്ന സാഹചര്യം വസ്തുനിഷ്ഠമായി മനസ്സിലാക്കുന്നതിനും പി.എസ്.സി. യുടെ സുഗമമായ പ്രവർത്തനത്തിന് അത്യാവശ്യമായ തസ്തികകൾ പുതുതായി അനുവദിച്ചുനൽകുന്നതിന് നടപടി സ്വീകരിക്കണമെന്ന് വിനീതമായി അഭ്യർത്ഥിക്കുന്നു.

കാര്യക്ഷമമായ സിവിൽ സർവ്വീസിന്റെ തുടക്കം പി.എസ്.സി യിൽ നിന്നാണ്. സമയബന്ധിതമായി തീർപ്പാക്കേണ്ട ജോലികൾ ജീവനക്കാരുടെ അഭാവംമൂലം തീർപ്പാക്കാതെ വരുന്നത് പി.എസ്.സി യെ മാത്രമല്ല സർക്കാർ സർവ്വീസിനെ ആകമാനം ബാധിക്കുന്ന കാര്യമാണ്. ആകയാൽ ഇക്കാര്യ

(4)

ത്തിൽ അങ്ങയുടെ പ്രത്യേക ശ്രദ്ധ പതിയണമെന്നും അനുകൂല തീരുമാനം ഉണ്ടാകണമെന്നും വിനീതമായി അഭ്യർത്ഥിക്കുന്നു.

ആവശ്യത്തിന് ജീവനക്കാരില്ലാത്തത് പി.എസ്.സി. യുടെ പ്രവർത്തനത്തെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. കാലതാമസം ഏറെ വിമർശനത്തിന് ഇടയാക്കിയിട്ടുണ്ട്. കമ്മീഷനും ജീവനക്കാരും ആത്മാർത്ഥമായി പരിശ്രമിക്കുമ്പോഴും വർദ്ധിച്ച ചുമതലകൾ ജീവനക്കാരുടെ ജോലി ഭാരം ഗണ്യമായി വർദ്ധിപ്പിച്ച സാഹചര്യമാണ് നിലവിലുള്ളത്. ഇതിനായി അനുവദിക്കേണ്ട തസ്തികകളുടെ വിശദവിവരം ചുവടെ ചേർക്കുന്നു.

**Head Office**

| | | |
|---|---|---|
| 1. | Addition Secretary | 2 |
| 2. | Joint Secretary | 3 |
| 3. | Deputy Secretary | 3 |
| 4. | Under Secretary | 8 |
| 5. | Section Officer | 13 |
| 6. | Assistant | 39 |
| 7. | Computer Assistant | 13 |
| 8. | Clerical Assistant | 2 |
| 9. | Office Attendant | 13 |
| 10. | Confidential Assistant | 6 |
| 11. | System Manager | 1 |
| 12. | System Analyst/Senior Programmer | 1 |
| 13. | Programmer | 2 |
| 14. | Personal Assistant | 3 |
| 15. | Duffedar | 3 |
| 16. | Vehicle Supervisor | 1 |
| 17. | Assistant Security Officer | 2 |
| | | 115 |

**Regional Office**

| | | |
|---|---|---|
| 1. | Section Officer | 3 |
| 2. | Assistant | 9 |
| 3. | Computer Assistant | 3 |
| 4. | Office Attendant | 3 |
| 5. | System Manager | 3 |
| 6. | System Analyst/Senior Programmer | 3 |
| 7. | Hardware Engineer | 3 |
| | | 21 |

## District Office

| | | |
|---|---|---|
| 1. | Under Secretary | 14 |
| 2. | Enquiry Officer | 14 |
| 3. | Section Officer | 28 |
| 4. | Assistant | 84 |
| 5. | Computer Assistant | 28 |
| 6. | Office Attendant | 28 |
| 7. | Clerical Assistant | 14 |
| 8. | Technical Assistant | 14 |
| 9. | Security Guard | 14 |
| 10. | Driver | 14 |

252

| | |
|---|---|
| **TOTAL** | **394** |

പി.എസ്.സി യിലെ വർദ്ധിച്ച ജോലി ഭാരം അനുഭാവപൂർവ്വം പരിഗണിച്ച് ആവശ്യമായ തസ്തികകൾ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

വിശ്വസ്തതയോടെ

ജനറൽ സെക്രട്ടറി

# P.S.C. EMPLOYEES ASSOCIATION

Regd. No.267/91

STATE COMMITTEE

President
SATHEESH KUMAR

General Secretary
M. MOHAMMED JASI

ബഹുമാനപ്പെട്ട കേരള മുഖ്യമന്ത്രി ശ്രീ.ഉമ്മൻചാണ്ടി അവർകൾ സമക്ഷം.

OOMMEN CHANDY
Chief Minister

17/2/15

പി.എസ്.സി. ആഫീസിലെ വർദ്ധിച്ചുവരുന്ന ജോലിഭാരം കണക്കിലെടുത്ത് സർക്കാരിനോട് ആവശ്യപ്പെട്ട 13 തസ്തികകൾ അനുവദിച്ചുനൽകാമെന്ന് അങ്ങ് പി. എസ്.സി. എംപ്ലോയീസ് അസോസിയേഷന്റെ സംസ്ഥാന സമ്മേളനത്തിനും പി.എസ്. സി. ഓൺലൈൻ പരീക്ഷാ കേന്ദ്രത്തിന്റെ ഉദ്ഘാടന വേളയിലും ജീവനക്കാർക്ക് ഉറപ്പ് നൽകിയിരുന്നു. അസോസിയേഷൻ ഇക്കാര്യം ചൂണ്ടിക്കാട്ടി നിവേദനം നൽകിയതിന്റെ അടിസ്ഥാനത്തിൽ അങ്ങയുടെ ശ്രമഫലമായി 13 തസ്തികകൾ അനുവദിക്കുൻ നിർദ്ദേശം നൽകിയെങ്കിലും കേവലം 4 കസ്തികകൾ മാത്രമാണ് അനുവദിച്ച് നൽകിയത്. വളരെയേറെ സാമ്പത്തിക പ്രതിസന്ധിയിലൂടെ സർക്കാർ മുമ്പോട്ടുപോകുന്ന അവസരത്തിലും പി.എസ്.സി.ക്കായി ഇത്രയും തസ്തികകൾ അനുവദിച്ചു നൽകിയതിൽ ഞങ്ങൾ അങ്ങയോട് കടപ്പെട്ടിരിക്കുന്നു. പി.എസ്.സി. ജീവനക്കാരുടെ നന്ദിയും കടപ്പാടും ഞങ്ങൾ അറിയിക്കുന്നു. പി.എസ്.സി.യുടെ സമഗ്രവികസനത്തിന് എക്കാലവും സഹായകരമായ നിലപാടുകൾ സ്വീകരിക്കുന്ന അങ്ങയോട് ഈ സ്ഥാപനവും അവിടത്തെ ജീവനക്കാർക്കുമുള്ള കടപ്പാട് വിവരണാതീതമാണ്. ഉന്നത ഉദ്യോഗസ്ഥരുടെ കുറവ് പി.എസ്. സി. പ്രവർത്തനത്തെ സാരമായി ബാധിച്ചിരിക്കുന്നതിനാൽ ഇപ്പോൾ അനുവദിക്കപ്പെട്ട തസ്തികകൾ തികച്ചും അപര്യാപ്തമാണ്. പി.എസ്.സി.യിൽ സമഗ്ര കമ്പ്യൂട്ടർവൽക്കരണവും ഓൺലൈൻ പരീക്ഷാകേന്ദ്രങ്ങളും തുടങ്ങിയശേഷം പരമ്പരാഗതരീതിയിലുള്ള ജോലികൾക്ക് ഏറെ മാറ്റം സംഭവിച്ചിരിക്കുകയാണ്. അവ ഏകോപിപ്പിക്കുന്നതിന് മറ്റ് ഇതര ജോലികൾ കുറച്ചാണ് 13 (പതിമൂന്ന്) തസ്തികകൾ സർക്കാരിലേക്ക് ആവശ്യപ്പെട്ടത് എന്നതിനാൽ അവയിൽ അവശേഷിക്കുന്ന 9 തസ്തികകൾ കൂടി അടിയന്തിരമായി അനുവദിച്ചുനൽകാൻ അങ്ങ് വേണ്ടത് ചെയ്ത് സഹായിക്കണമെന്ന് സവിനയം അപേക്ഷിക്കുന്നു.

പി.എസ്.സി.ക്ക് ആവശ്യമായ ഡേറ്റാ സെന്ററുകൾ സ്ഥാപിക്കുന്നതിനും പരിപാലിക്കുന്നതിനും അവയും മറ്റ് കമ്പ്യൂട്ടർ ഉപകരണങ്ങളും സമയാസമയങ്ങളിൽ

Contd....2/-

7



അപ്ഗ്രഡേഷൻ നടത്തുന്നതിനും അതിനാവശ്യമായ ഹാർഡ് വെയർ ഇഞ്ചിനീയർ തസ്തികകൾ രണ്ടെണ്ണം ആവശ്യപ്പെട്ടെങ്കിലും അവയിൽ ഒന്നുപോലും അനുവദിച്ച് നൽകിയിട്ടില്ല. പി.എസ്.സി.യിൽ ഇപ്പോൾ ഈ ഹാർഡ്‌വെയർ തസ്തിക മാത്രമേ നില വിലുള്ളു എന്നതിനാൽ ആവശ്യപ്പെട്ട തസ്തികകളും പി.എസ്.സി.യുടെ സുഗമമായ പ്രവർത്തനത്തിന് തികച്ചും ഒഴിച്ചുകൂടാനാവാത്തതാണ്. ഹാർഡ് വെയർ എഞ്ചിനീയ റുടെ ചുമതലകളുടെ വിശദാംശം (പി.എസ്.സി. മാനുവലിലെ പ്രശക്ത പേജിന്റെ പകർപ്പ്) ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.

പി.എസ്.സി.യിൽ നിലവിൽ 1650 തസ്തികകളിൽ ഇപ്പോൾ അനുവദിച്ച 4 തസ്തികകൾ ഉൾപ്പെടെ കേവലം 14 ജോയിന്റ് സെക്രട്ടറി, 25 ഡപ്യൂട്ടി സെക്രട്ടറി, 70 അണ്ടർ സെക്രട്ടറി തസ്തികകളാണ് നിലവിലുള്ളത്. 10-ാം ശമ്പളകമ്മീഷൻ റിപ്പോർട്ടിന്റെ പ്രസക്ത പേജിന്റെ പകർപ്പും ഇതോടൊപ്പം ഹാജരാക്കുന്നു. കാലാകാലങ്ങളിൽ തസ്തി കകൾ അനുവദിച്ചു നൽകുമ്പോൾ താഴെത്തട്ടിലുളസ്‌ള തസ്തികകൾ മാത്രം അനുവ ദിച്ചു നൽകിയതിൽ ജോയിന്റ് സെക്രട്ടറി, ഡെപ്യൂട്ടി സെക്രട്ടറി, അണ്ടർ സെക്രട്ടറി എന്നീ സൂപ്പർവൈസറി തസ്തികകളിൽ ഗണ്യമായ കുറവ് അനുഭവപ്പെടുന്നതിനാലും, പി.എസ്.സി.യുടെ സെലക്ഷൻ പ്രക്രിയ വേഗത്തിലാക്കാൻ ടി സൂപ്പർവൈസറി തസ്തി കകൾ തികച്ചും അനിവാര്യമാണ്.

പി.എസ്.സി.യുടെ ഇപ്പോഴത്തെ പ്രവർത്തനത്തിന്റെ പ്രത്യേകതകളും ജീവ നക്കാരുടെ അപര്യാപ്തതയും പരിഗണിച്ച് പി.എസ്.സി. സർക്കാരിനോട് ആവശ്യപ്പെട്ട 13 തസ്തികകളിൽ ജി.ഒ.(എം.എസ്) 276/2015/ജി.എ.ഡി. തീയതി 7 നവംബർ 2015 ഉത്തരവ് പ്രകാരം അനുവദിച്ച് നൽകിയ നാല് തസ്തികകൾക്ക് ഉപരിയായി അവശേഷിക്കുന്ന ജോയിന്റ് സെക്രട്ടറി (1), ഡപ്യൂട്ടി സെക്രട്ടറി (3), അണ്ടർ സെക്രട്ടറി (2), ഹാർഡ് വെയർ എൻജിനീയർ (2), സിസ്റ്റം അനലിസ്റ്റ് (1) എന്നീ 9 തസ്തികകൾ അങ്ങ് പ്രത്യേക താത്പര്യവും പരിഗണനയും നൽകി അടിയന്തിരമായി അനുവദിച്ച് നൽകാൻ ആവശ്യ മായ സത്വര നടപടി സ്വീകരിക്കണമെന്ന് സവിനയം അപേക്ഷിക്കുന്നു.

വിശ്വാസപൂർവ്വം,

പി.സതീഷ്കുമാർ,
പ്രസിഡന്റ്,
(മൊ: 9447451229).

തിരുവനന്തപുരം,
23-11-2015

Canaden
സെക്ഷൻ ഓഫീസർ